**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1804** **08-02-2023 - ൽ മറുപടിയ്ക്ക്**

**ദീർഘദൂര സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോന്നി നിയോജക മണ്ഡലത്തിൽ കോന്നി ഓപ്പറേറ്റിംഗ് സ്റ്റേഷനിൽ നിലവിലുണ്ടായിരുന്ന പതിനേഴ് ബസ് സർവ്വീസുകൾക്ക് പകരം നിലവിൽ ഒൻപത് ബസ് സർവ്വീസുകൾ മാത്രമാണ് ഓപ്പറേറ്റ് ചെയ്യുന്നത് ബാക്കി ബസ് സർവ്വീസുകൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (എ) | കോന്നി നിയോജക മണ്ഡലത്തിൽ കോന്നി ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന വരുമാനം ലഭ്യമായിരുന്ന എല്ലാ സർവ്വീസുകളും നിലവിലും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. നിന്നുപോയ 8 സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് നിലവിൽ ഓടിക്കുന്ന സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. നഷ്ടത്തിലോടിയിരുന്നതും ഡീസൽ ചെലവിനുള്ള തുക പോലും ലഭ്യമാകാത്തതും പ്രവർത്തന ചെലവ് പോലും ലഭിക്കാത്തതുമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ മോശം സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ജനോപകാരപ്രദമായ രീതിയിൽ സർവ്വീസ് / ട്രിപ്പുകൾ ആരംഭിയ്ക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | കോന്നിയിൽ നിന്നുള്ള ദീർഘദൂര ബസ് സർവ്വീസുകൾ ഏതൊക്കെ ആണ്; അതിൽ എത്ര സർവ്വീസുകൾ നിലവിലുണ്ട്; | (ബി) | 04.30 മണി അമൃത ഹോസ്പിറ്റൽ. പ്രസ്തുത സർവ്വീസ് നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. |
| (സി) | മലയോര പ്രദേശങ്ങളിൽ നിലവിൽ ഉണ്ടായിരുന്ന ദീർഘ ദൂര ബസ് സർവ്വീസുകൾ എന്നത്തേയ്ക്ക് പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | കോന്നി ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നും മലയോര പ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ മുൻകാലങ്ങളിൽ ഓപ്പറേറ്റ് ചെയ്തിരുന്നില്ല. പുതുതായി, ലാഭകരമായും ജനോപകാരപ്രദമായും നടത്തുവാൻ കഴിയുന്ന ദീർഘദൂര സർവ്വീസുകൾ സംബന്ധിച്ച് പഠനം നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ